# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3858      23.08.2017 -ൽ മറുപടിക്ക്

### ഉത്തരവാദിത്ത ടൂറിസം വ്യാപിപ്പിക്കുന്നതിന് പ്രത്യേക മിഷൻ

**ചോദ്യം**

ശ്രീ. വി.ഡി. സതീശൻ
ശ്രീ. റോജി. എം. ജോൺ
ശ്രീ. ഹൈബി ഈഡൻ
ശ്രീ. കെ. മുരളീധരൻ

**ഉത്തരം**

ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദസഞ്ചാരവും
ദേവസ്വവും വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| എ) ഉത്തരവാദിത്ത ടൂറിസം എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദമാക്കാമോ;<br><br>ബി) ഇതിനുവേണ്ടി ഒരു പ്രത്യേക മിഷൻ രൂപീകരിക്കുന്നുണ്ടോ; വിവരിക്കാമോ; | എ) യും ബി) യും ഉത്തരവാദിത്ത ടൂറിസം എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി 23.06.2017 ലെ സ.ഉ.(എം.എസ്) നം.12/2017/ ടൂറിസം പ്രകാരം ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. ഇപ്പോൾ തിരഞ്ഞെടുക്കപ്പെട്ട 7 ടൂറിസം കേന്ദ്രങ്ങളിൽ മാത്രമായി നടന്നുവരുന്ന പ്രസ്തുത പദ്ധതി ഉത്തരവാദിത്ത ടൂറിസം മിഷൻ പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും വ്യാപിപ്പിക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. |
| സി) പ്രസ്തുത മിഷന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | സി) താഴെ പറയുന്നവയാണ് ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രവർത്തനങ്ങൾ.<br>1. പ്രാദേശിക തലത്തിൽ ടൂറിസം പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുക.<br>2. ടൂറിസം വ്യവസായം സമൂഹവുമായി മെച്ചപ്പെട്ട ബന്ധം സൃഷ്ടിക്കുക.<br>3. ഉത്തരവാദിത്ത ടൂറിസം ആശയങ്ങളും പ്രയോഗ മാതൃകകളും സ്വീകരിക്കാനും നടപ്പാക്കാനും ടൂറിസം വ്യവസായത്തിനെയും ഇതര സ്റ്റേക്ക് ഹോൾഡർമാരെയും പ്രേരിപ്പിക്കുക.<br>4. ഉത്തരവാദിത്ത ടൂറിസം വർഗ്ഗീകരണം ടൂറിസം മേഖലയിലും സ്ഥാപനങ്ങളിലും നടപ്പാക്കുക.<br>5. സാമൂഹിക പ്രസക്തിയുള്ളതും പരിസ്ഥിതി സൗഹൃദ പൂർണ്ണമായ പ്രവർത്തനങ്ങൾ നടപ്പാക്കാൻ ടൂറിസം യൂണിറ്റുകളെയും ടൂറിസ്റ്റുകളെയും പ്രോൽസാഹിപ്പിക്കുക.<br>6. ടൂറിസത്തിൽ നിന്നുള്ള ഗുണഫലങ്ങൾ ലഭ്യമാക്കാൻ കഴിയുംവിധം പ്രാദേശിക സമൂഹത്തിന്റെ കഴിവ് വർദ്ധിപ്പിക്കുക. |

7. പ്രാദേശിക തൊഴിൽ ലഭ്യത, പ്രാദേശിക ഉൽപ്പന്നങ്ങളുടെ സംഭരണം (വിലയ്ക്ക് വാങ്ങൽ) എന്നിവയ്ക്ക് ടൂറിസം മേഖലയെ പ്രേരിപ്പിക്കുക, ടൂറിസം മേഖലയിൽ മൂല്യാധിഷ്ഠിത വിപണനം ഉറപ്പാക്കുകയും പ്രേരിപ്പിക്കുകയും ചെയ്യുക.

8. പരിശീലനങ്ങൾ, ഗവേഷണം, പഠനങ്ങൾ, എന്നിവ ടൂറിസം മേഖലയിലും ഉത്തരവാദിത്ത ടൂറിസം മേഖലയിലും നടത്തുക.

9. ഹരിതതത്വങ്ങൾ, ഹരിത നിർമ്മാണ രീതികൾ എന്നിവ ടൂറിസം മേഖലയിലും നടത്തുക.

10. ഹരിതതത്വങ്ങൾ, ഹരിത നിർമ്മാണ രീതികൾ എന്നിവ ടൂറിസം കേന്ദ്രങ്ങളിലെ വിവിധ നിർമ്മിതി കളിൽ പ്രയോഗവത്കരിക്കാൻ പ്രേരിപ്പിക്കുക, മാലിന്യ സംസ്കരണത്തിൽ ഹരിത നിയന്ത്രണങ്ങൾ നടപ്പിൽ വരുത്തുവാനും ജൈവകാർഷിക വൃത്തി പ്രോൽസാഹിപ്പിക്കുവാനും നേതൃത്വം കൊടുക്കുക.

11. കൃഷിയുടെ പ്രോൽസാഹനവും സംരക്ഷണവും ടൂറിസം മേഖലയുടെ സഹായത്തോടെ നടപ്പിൽ വരുത്തുക, സ്ത്രീ ശാക്തീകരണം, പാർശ്വവത്കൃത സമൂഹത്തിന്റെ ശാക്തീകരണം എന്നിവ സാധ്യമാക്കുക, പ്രാദേശിക ടൂറിസം സംരംഭകത്വം പ്രോൽസാഹിപ്പിക്കുക.

12. പ്രാദേശിക കല സംസ്കാരം, പരമ്പരാഗത തൊഴിൽ എന്നിവയെ ടൂറിസത്തിലൂടെ സംരക്ഷി ക്കുവാനും പ്രോൽസാഹിപ്പിക്കുവാനും വേണ്ട പ്രവർത്തനങ്ങൾ നടത്തുക.

ഡി) മിഷന്റെ രൂപീകരണത്തിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിവരിക്കാമോ?

ഡി) 23.06.2017 ലെ സ.ഉ.(എം.എസ്)നം.12/2017/ ടൂറിസം പ്രകാരം ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. ടൂറിസം ഡയറക്ടറുടെ നിയന്ത്രണ ത്തിലുള്ള വ്യവസ്ഥാപിതമായ പ്രവർത്തന സ്വാതന്ത്ര്യമുള്ള സംവിധാനമായാണ് ഉത്തര വാദിത്ത ടൂറിസം മിഷൻ പ്രവർത്തിക്കുക. മിഷന്റെ പ്രവർത്തനത്തിനായി സ്റ്റേറ്റ് ആർ. റ്റി. മിഷൻ കോ-ഓർഡിനേറ്ററിനെയും അഞ്ച് ഡെസ്റ്റിനേഷൻ കോ-ഓർഡിനേറ്റർമാരെയും കരാറടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.